## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 756 23-07-2012-ന് മറുപടി നൽകേണ്ടത്

**<u>സർക്കാർതല തീരുമാനങ്ങൾ നീതിപൂർവ്വമാക്കാൻ നടപടി</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ.എം.ഷാജി. | ശ്രീ. ഉമ്മൻചാണ്ടി |
| ,, എം.പി. അബ്ദുസ്സമദ് സമദാനി | (മുഖ്യമന്ത്രി) |
| ,, പി.ബി. അബ്ദുൾ റസാക് | |
| ,, എൻ.എ.നെല്ലിക്കുന്ന് | |

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | ജനകീയ പ്രശ്നങ്ങളിൽ ഉന്നത ഉദ്യോഗസ്ഥതലത്തിൽ തീരുമാനങ്ങളെടുക്കുമ്പോൾ വസ്തുതകൾ പരിശോധിക്കാതെയും, നീതി ന്യായ നിയമതത്വങ്ങൾ പാലിക്കാതെയും തീരുമാനങ്ങളെടുക്കുന്നതിൽ അതൃപ്തിയുണ്ടായിട്ടാണ് ബഹുഭൂരിപക്ഷം പേരും കോടതികളെ അഭയം പ്രാപിക്കുന്നതെന്ന കാര്യം ഗൗരവപൂർവ്വം കാണുമോ; | **(എ) യും (ബി) യും(സി) യും**<br><br>ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പാലിച്ച്, വേഗത്തിലും, സുതാര്യതയോടും, ജനകീയ പ്രശ്നങ്ങൾക്ക് തീർപ്പുകല്പിക്കണമെന്നതാണ് സർക്കാർ നയം. അപ്രകാരം തീരുമാനങ്ങളെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വകുപ്പുതലവന്മാർക്കും ഉന്നത ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. ജനകീയ പ്രശ്നങ്ങളിൽ തീരുമാനങ്ങളെടുക്കുമ്പോൾ അതിൽ നൂറുശതമാനം ആൾക്കാരും തൃപ്തരാകണമെന്നില്ല. അങ്ങനെ വരുമ്പോൾ ബന്ധപ്പെട്ട കക്ഷികൾ കോടതിയിൽ കേസ് ഫയൽ ചെയ്യും. നീതിപൂർവ്വകമായി സർക്കാർ തലത്തിൽ തീരുമാനങ്ങൾ എടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി 'സേവനാവകാശനിയമം' നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | രണ്ടോ മൂന്നോ ആവശ്യങ്ങൾ ഒരപേക്ഷയിലുണ്ടെങ്കിൽ അതിൽ ഒരു ആവശ്യത്തിൽമാത്രം തീരുമാനമെടുത്ത് വിഷയം അവസാനിപ്പിക്കുന്ന പ്രവണത പലകേസുകളിലും പ്രകടമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (സി) | സർക്കാർതലത്തിൽ നീതിപൂർവ്വമായ തീരുമാനങ്ങളെടുക്കാൻ നടപടി സ്വീകരിച്ചുകൊണ്ട് കോടതി വ്യവഹാരങ്ങളുടെ ബാഹുല്യം കുറച്ചുകൊണ്ടു വരുന്ന കാര്യത്തിന് പ്രാധാന്യം നൽകുമോ? | |

സെക്ഷൻ ഓഫീസർ